**POLICE** **DEPARTMENT**

**KERALA**


**No. E2-8270/2016/N**
District Police Office,
Pathanamthitta
sppta.pol@kerala.gov.in
04682222630


Dated. 23-03-2018

**<u>പുനർലേല പരസ്യം</u>**

പത്തനംതിട്ട ജില്ലയിലെ പോലീസ് വകുപ്പ് വക താഴെ പറയുന്ന വാഹനങ്ങൾ 26/03/2018 തീയതി 11 മണിക്ക് പത്തനംതിട്ട ജില്ലാ സായുധസേന ക്യാമ്പിൽ വെച്ച് പരസ്യമായി പുനർ ലേലം ചെയ്തു വിൽക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

| **ക്രമ നമ്പർ** | **രജിസ്ട്രേഷൻ നമ്പർ** | **വാഹന ഇനം** | **മോഡൽ** | **നിരതദ്രവ്യം** |
|---|---|---|---|---|
| 1 | KL01 X 4748 | മഹീന്ദ്ര ജീപ്പ് | 2003 | 8,000/- |
| 2. | KL01 AD 4521 | മഹീന്ദ്ര ജീപ്പ് | 2004 | 9,000/- |
| 3. | KL 01 X 9315 | മഹീന്ദ്ര ജീപ്പ് | 2002 | 8,000/- |
| 4. | KL 01 X 9314 | മഹീന്ദ്ര ജീപ്പ് | 2002 | 7,500/- |
| 5 | KL 01 X 9016 | മഹീന്ദ്ര ജീപ്പ് | 2002 | 7,000/- |
| 6 | KL 01 X 9380 | ടാറ്റ 709 ബസ് | 2002 | 9,000/- |

പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ അന്നേ ദിവസം പകൽ 11 മണിക്ക് മുൻപായി പത്തനംതിട്ട ജില്ലാ സായുധ സേനാ ക്യാമ്പിൽ ഓരോ വാഹനത്തിൻറെയും പേർക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം കെട്ടിവെച്ച് രസീത് വാങ്ങി വകുപ്പ് തല നിബന്ധനകൾക്ക് വിധേയമായി ലേലത്തിൽ പങ്കെടുക്കാവുന്നതാണ് .കൂടുതൽ തുക ലേലം വിളിക്കുന്ന വ്യക്തിയുടെ പേർക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തികൊടുക്കുന്നതും ടിയാൻ ലേലത്തുകയുടെ പകുതി തുക ( നിരത ദ്രവ്യം കുറച്ച് ) ലേല സ്ഥലത്ത് വച്ചുതന്നെ ഒടുക്കേണ്ടതുമാണ് .ബാക്കി തുകയും ലേലം ഉറപ്പിച്ച തുകയുടെ നിയമാനുശ്രുതമായ GST യും സഹിതം ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 07 ദിവസത്തിനകം ഒടുക്കേണ്ടതും സ്വന്തം ചെലവിൽ വാഹനം നീക്കം ചെയ്യേണ്ടതുമാണ് . മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും പുനർ ലേലം ചെയ്യുന്നതുമാണ് . പുനർ ലേലത്തിൽ സർക്കാരിനു എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണ് എങ്കിൽ ആയത് ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിനു ടിയാനു അർഹത ഉണ്ടായിരിക്കുന്നതുമല്ല . ലേലം നഷ്ടപ്പെടുന്നവർക്ക് നിരതദ്രവ്യം ലേല സ്ഥലത്തുവെച്ച് തിരികെ നൽകുന്നതാണ് .ലേലം സംബന്ധിച്ച നടപടിക്രമങ്ങൾ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ പൂർണ്ണ അധീനതയിലായിരിക്കുന്നതും യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വെക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതുമാണ് . ലേലത്തിന് നിശ്ചയിക്കപ്പെട്ട വാഹനങ്ങൾ ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുമതിയോടെ അതാത് യൂണിറ്റ് മേധാവിയുടെ സാന്നിധ്യത്തിൽ ലേല തീയതിക്ക് മുൻപായി കാണുന്നതിനും പരിശോധിക്കുന്നതിനും അനുവദിക്കുന്നതാണ്

.

ലേല സംബന്ധമായ വിശദവിവരങ്ങൾ പത്തനംതിട്ട ജില്ലാ സായുധ സേനാ ക്യാമ്പിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ് .



Jacob Job IPS
Superintendent of Police

| | | |
|---|---|---|
| To | : | സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസർമാർക്കും , ജില്ലാ കലക്ടർക്കും വിശാല പരസ്യം നൽകുന്നതിനായി അയക്കുന്നു . |
| Copy To | : | അസ്സിസ്റ്റൻറ് കമാണ്ടൻറ് ജില്ലാ സായുധ സേനാ വിഭാഗം പത്തനംതിട്ട . ആർ ഐ ജില്ലാ സായുധ സേനാ വിഭാഗം പത്തനംതിട്ട, എം ടി ഓ ജില്ലാ സായുധ സേനാ വിഭാഗം പത്തനംതിട്ട. സ്റ്റോക്ക് ഫയൽ . |

Internal Administrative Processing System
iAPS
KERALA POLICE

E2-8270/2016/N 6ba564